# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5105 — 24.10.2011-ൽ മറുപടിയ്ക്ക്

### മരുന്നുകൾ സൂക്ഷിക്കുന്നതിന് സംവിധാനം

| ചോദ്യം :<br>ശ്രീ.എം.ഹംസ | മറുപടി :<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ സ്റ്റോറേജ് ചെയ്ത് സൂക്ഷിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (എ) സർക്കാർ ആശുപത്രികളിലെ മരുന്ന് സൂക്ഷിക്കുന്നതിനുള്ള സ്റ്റോറുകളിൽ റെഫ്രിജറേറ്ററുകൾ, റാക്ക്, അലമാരകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) ജില്ലാ, താലൂക്ക്, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ നിലുവിലുള്ള സംവിധാനം പ്രത്യേകം പ്രത്യേകം വിശദീകരിക്കാമോ; | (ബി) ജില്ലാ, താലൂക്ക് ആശുപത്രികളിൽ പ്രത്യേക ഡ്രഗ് സ്റ്റോറുകൾ ഉണ്ട്. അവിടെ മരുന്നുകൾ സൂക്ഷിക്കുന്നതിനാവശ്യമായ റാക്കുകൾ, അലമാര, റഫ്രിജറേറ്റർ എന്നിവയും ഉണ്ട്. പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിനുകൾ സൂക്ഷിക്കുന്നതിനായി ഐസ് ലൈൻഡ് റഫ്രിജറേറ്ററുകൾ, ഡീപ്പ് ഫ്രീസർ എന്നിവയും ലഭ്യമാണ്. സി.എച്ച്.സി.കളിലും, പി.എച്ച്.സി.കളിലും ഫാർമസികളോട് ചേർന്ന മുറികൾ സ്റ്റോറായി ഉപയോഗിച്ചുവരുന്നു. അവിടെയും മരുന്നുകൾ സൂക്ഷിക്കുന്നതിന് റാക്കുകൾ, അലമാര, റെഫ്രിജറേറ്റർ എന്നിവ നിലവിലുണ്ട്. വാക്സിൻ സൂക്ഷിക്കുന്നതിനുള്ള ഐസ് ലൈൻഡ് റഫ്രിജറേറ്ററുകളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) സ്റ്റോറേജ് സംവിധാനം നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) സ്റ്റോറേജ് സംവിധാനത്തിൽ ന്യൂനതകൾ ഉള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള സ്റ്റോർ നവീകരിക്കുകയും പുതിയവ പണിയുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ